പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 379 **13-10-2026-ൽ മറുപടിയ്ക്ക്**

ശിവസൂര്യയെ കണ്ടെത്തുന്നതിനുള്ള നടപടി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. പി. കെ. പ്രവീൺ ശ്രീ. രമേശ് ചെന്നിത്തല
(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

(എ) കൂത്തുപറമ്പ് നിയോജക മണ്ഡലത്തിലെ പാനൂർ നഗരസഭയിൽ ജിഗീഷ്. എ, ശിവപ്രിയം, പാറേമ്മൽ, പുളിയനമ്പ്രം-പോസ്റ്റ്, കരിയാട് എന്നയാളുടെ മകൻ 17 വയസ്സുള്ള ശിവസൂര്യ എന്ന വിദ്യാർഥിയെ 2026 ആഗസ്റ്റ് 8 മുതൽ കാണാതായത് സംബന്ധിച്ച അന്വേഷണ പുരോഗതി വിശദമാക്കുമോ;

മറുപടി: 08.08.2026 തീയതിയിൽ പെരിങ്ങത്തൂർ അംശം കരിയാട് എന്ന സ്ഥലത്ത് നിന്നും ശിവസൂര്യ എ, S/o ജിഗീഷ് എ, വയസ്സ് 17 എന്ന കുട്ടി കാണാതായ സംഭവത്തിൽ ടി കുട്ടിയുടെ പിതാവിന്റെ മൊഴിയുടെ അടിസ്ഥാനത്തിൽ അന്നേ ദിവസം തന്നെ ചൊക്ലി പോലീസ് സ്റ്റേഷൻ Cr.No.236/2026 u/s 57 KP Act പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വന്നിട്ടുള്ളതും ആയതിലേക്ക് 16.08.2026 ൽ കണ്ണൂർ സിറ്റി പോലീസ് കമ്മീഷണറുടെ ഓഡർ നമ്പർ D1/44797/2026/KC പ്രകാരം അസിസ്റ്റന്റ് സൂപ്രണ്ടന്റ് ഓഫ് പോലീസ് ഡോ.നന്ദഗോപൻ.എം IPS ന്റെ നേതൃത്വത്തിൽ പ്രത്യേക അന്വേഷണ സംഘത്തെ നിയോഗിച്ചിട്ടുള്ളതുമാണ്. കുട്ടിയെ കാണാതായ വിവരം ലഭിച്ച ഉടൻ കുട്ടിയുടെ അടയാളവിവരങ്ങൾ കാണിച്ച് സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളിലേക്കും മൊബൈൽ പട്രോൾ വാഹനങ്ങളിലേക്കും വയർലെസ് സന്ദേശം, Crime Card എന്നിവ അയച്ച് അന്വേഷണം നടത്തിയിട്ടുള്ളതും കുട്ടിയുടെ വീടിനും പരിസരപ്രദേശങ്ങൾക്കും പുറമെ പെരിങ്ങത്തൂർ ടൗൺ, ചൊക്ലി, തലശ്ശേരി റെയിൽവേ സ്റ്റേഷൻ, തലശ്ശേരി, പാനൂർ, നാദാപുരം ബസ് സ്റ്റാൻഡുകൾ തുടങ്ങിയ പ്രധാന കേന്ദ്രങ്ങളിലെ CCTV ദൃശ്യങ്ങൾ ശേഖരിച്ച് പരിശോധിച്ചെങ്കിലും ഉപകാരപ്രദമായ വിവരങ്ങൾ ലഭിച്ചിട്ടില്ലാത്തത് കൊണ്ട് വിവിധ ആരാധനാലയങ്ങൾ, തീർത്ഥാടന കേന്ദ്രങ്ങൾ, ബന്ധുവീടുകൾ, സമീപ ടൗണുകൾ, പൂഴയോരങ്ങൾ എന്നിവിടങ്ങളിൽ വ്യാപകമായ തിരച്ചിൽ നടത്തുകയും സഹപാഠികൾ, സുഹൃത്തുക്കൾ, അധ്യാപകർ, സ്കൂൾ പ്രിൻസിപ്പൽ തുടങ്ങിയവരിൽ നിന്ന് വിവരങ്ങൾ ശേഖരിച്ച് അന്വേഷണം നടത്തുകയും ചെയ്തിട്ടുണ്ട്.

കുട്ടി ഉപയോഗിച്ചിരുന്ന മൊബൈൽ ഫോണും പിതാവിന്റെ മൊബൈൽ ഫോണും സൈബർ ടീമിന്റെ സഹായത്തോടെ പരിശോധിക്കുകയും, കുട്ടി ഉപയോഗിച്ചിരുന്ന FAM APP – ന്റെ Login ID ലഭിക്കുന്നതിനും കുട്ടിയുടെയും ബന്ധുക്കളുടെയും CDR ശേഖരിക്കുന്നതിനും റിക്വസ്റ്റ് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ലഭിച്ച CDR വിവരങ്ങൾ വിശകലനം ചെയ്തെങ്കിലും ഉപകാരപ്രദമായ വിവരങ്ങൾ ലഭിച്ചിട്ടില്ല. ICOPS Missing Person Search, Crime Card Application, GANDIVA, VATSALYA തുടങ്ങിയ സംവിധാനങ്ങളിലും വിവരങ്ങൾ Upload ചെയ്ത് പരിശോധന നടത്തിയിട്ടുമുണ്ട്.

പോലീസ്, റെയിൽവേ പോലീസ്, സന്നദ്ധ സംഘടനകൾ, സ്കൂൾ, ഓട്ടോറിക്ഷ, വ്യാപാരി സംഘടനകൾ തുടങ്ങിയവരുടെ WhatsApp ഗ്രൂപ്പുകൾ, ജില്ലാ-സ്റ്റേറ്റ് മീഡിയ സെല്ലുകൾ, വാർത്താ ചാനലുകൾ, പത്രമാധ്യമങ്ങൾ, സോഷ്യൽ മീഡിയ എന്നിവ മുഖേന വീട്ടുകാരുടെ അനുമതിയോടെ കുട്ടിയുടെ ഫോട്ടോയും അടയാളവിവരങ്ങളും ബന്ധപ്പെടേണ്ട നമ്പറുകളും വ്യാപകമായി പ്രചരിപ്പിച്ചിട്ടുണ്ട്. സംസ്ഥാനത്തിനകത്തും അതിർത്തി പ്രദേശങ്ങളിലുമുള്ള പോലീസ് സ്റ്റേഷനുകളുമായും സംസ്ഥാനത്തിന് പുറത്തുള്ള കേരള സമാജം, NSS, SNDP, KMCC തുടങ്ങിയ സംഘടനകളുമായും ബന്ധപ്പെട്ട് അന്വേഷണം നടത്തിയിട്ടുണ്ട്.

11.08.2026-ന് കുട്ടിയെ ഒറ്റപ്പാലം ഭാഗത്ത് കണ്ടതായി ലഭിച്ച വിവരത്തെ തുടർന്ന് ഷൊർണ്ണൂർ റെയിൽവേ സ്റ്റേഷൻ, ഒറ്റപ്പാലം, തിരുവില്വാമല, KSRTC, സ്വകാര്യ ബസ് സ്റ്റാൻഡുകൾ എന്നിവിടങ്ങളിൽ തിരച്ചിൽ നടത്തുകയും ബസ് ഗ്രൂപ്പുകളിൽ വിവരങ്ങൾ പ്രചരിപ്പിക്കുകയും ചെയ്തു. മംഗലാപുരം, കോഴിക്കോട്, മലപ്പുറം, കൊല്ലം, മൈസൂർ തുടങ്ങിയ സ്ഥലങ്ങളിൽ കുട്ടിയെ കണ്ടതായി ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിലും ബന്ധപ്പെട്ട പോലീസ് സ്റ്റേഷനുകളുമായി ഏകോപിപ്പിച്ച് അന്വേഷണം നടത്തിയിട്ടുണ്ട്. മൈസൂരിലെ ബസ് സ്റ്റാൻഡ്, റെയിൽവേ സ്റ്റേഷൻ, ബന്നിമണ്ഡൽ, ചാമുണ്ടി ഹിൽ, ശ്രീരംഗപട്ടണം തുടങ്ങിയ സ്ഥലങ്ങളിലും തിരച്ചിൽ നടത്തി Look Out Notice പതിച്ചിട്ടുണ്ട്. കണ്ണൂർ K9-Dog Squad നടത്തിയ പരിശോധനയിൽ നായ വീട്ടിൽ നിന്ന് ഏകദേശം ഒന്നര കിലോമീറ്റർ സഞ്ചരിച്ച് പി.എ. മുഹമ്മദ് ഹാജി സൗധം (IUML) ഓഫീസിന് സമീപം വരെ എത്തി ട്രാക്ക് അവസാനിപ്പിച്ചു. 08.08.2026-ന് ഉച്ചയ്ക്ക് 12.45 മണിയോടെ ബാലൻ പീടികയിലെ ഫ്ലാർ മില്ലിന് സമീപം കുട്ടിയെ സ്കൂൾ ബാഗുമായി കണ്ടതായി ഷീന എന്ന സ്ത്രീ നൽകിയ വിവരവും അന്വേഷണത്തിൽ ഉൾപ്പെടുത്തി പരിശോധിച്ചുവരുന്നു.

വിവിധ ഭാഷകളിലുള്ള Look Out Notices തയ്യാറാക്കി മറ്റ് സംസ്ഥാനങ്ങളിലെ റെയിൽവേ സ്റ്റേഷനുകളിലും പ്രധാന കേന്ദ്രങ്ങളിലും പ്രചരിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. രാജ്യത്തെ വിവിധ സംസ്ഥാനങ്ങളിലെ പോലീസ് സ്റ്റേഷനുകളുമായും എല്ലാ DGP മാരുമായും ബന്ധപ്പെട്ട് Crime Card ഉൾപ്പെടെയുള്ള വിവരങ്ങൾ കൈമാറിയിട്ടുണ്ട്. കാശി ഉൾപ്പെടുന്ന വാരാണസി കമ്മീഷണറേറ്റ്, പളനി ഉൾപ്പെടുന്ന ഡിണ്ടിഗൽ കമ്മീഷണറേറ്റ്, ബംഗളൂരു കമ്മീഷണറേറ്റ് എന്നിവിടങ്ങളിലേക്കും പ്രത്യേകമായി വിവരങ്ങൾ നൽകിയിട്ടുണ്ട്. DCRB-TALASH യൂണിറ്റിന്റെ സഹായത്തോടെ CCTNS-ൽ വിവരങ്ങൾ പരിശോധിച്ച് All India തലത്തിൽ പ്രചരിപ്പിക്കുന്നതിനും ലഭ്യമായ സാങ്കേതികവിദ്യകളും മാധ്യമങ്ങളും പരമാവധി പ്രയോജനപ്പെടുത്തി കുട്ടിയെ Trace ചെയ്യുന്നതിനുമുള്ള നടപടികൾ തുടർന്നു വരുന്നു.

(ബി) ശിവസൂര്യയെ കണ്ടെത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ?

<u>മറുപടി:</u> ഉത്തരം (എ) യിൽ ചേർത്തിരിക്കുന്നു.

സെക്ഷൻ ഓഫീസർ